# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 51** **02-12-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. യു. കുരുവിള**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. സി.എഫ്.തോമസ്**<br>**ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽ കൂടുതൽ മാരക രോഗങ്ങൾ കൂടി ഉൾപ്പെടുത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | **എ)** ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജ്ജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് നിലവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും സഹായം നൽകിവരുന്നത്. കരൾ/ ഹൃദയം/ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും നിലവിൽ ധനസഹായം നൽകിവരുന്നു.<br><br>കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 05-11-2014-ൽ ബഹു. ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽക്കൂടിയ യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ അസുഖങ്ങൾ പാക്കേജിൽ ഉൾപ്പെടുത്തുന്നകാര്യവും ഈ കമ്മിറ്റി പരിശോധിക്കുന്നതാണ്. |

**ബി)** ചില രോഗങ്ങൾക്ക് ഭീമമായ തുക ചികിത്സയ്ക്ക് ആവശ്യമായി വരുന്നതിനാൽ ഈ പദ്ധതിയിൽ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**ബി)** ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചുകഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവ ദാതാവിനുള്ള ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ കൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് കാരുണ്യ പദ്ധതിക്ക് തുടക്കമിട്ടത്. എന്നാൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനെതുടർന്ന് സംസ്ഥാന സർക്കാർ നടത്തിവന്നിരുന്ന ഒരു പ്രതിവാര ലോട്ടറി കൂടി 'കാരുണ്യ പ്ലസ്' എന്ന് പുനർ നാമകരണം ചെയ്ത് അതിൽനിന്നുള്ള അറ്റാദായം കൂടി പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. എന്നാൽ പ്രസ്തുത ലോട്ടറികളിൽ നിന്നുള്ള വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**